# 14-ാം പഞ്ചവത്സര പദ്ധതി

അധികാരം ജനങ്ങളിലേക്ക്
25-ാം വർഷം

## അടാട്ട് ഗ്രാമപഞ്ചായത്ത്

## വികസന രേഖ

2022-2023



ഭാരതത്തിന്റെ ആത്മാവ് കുടികൊള്ളുന്നത് ഗ്രാമങ്ങളിലാണെന്ന് നമ്മുടെ രാഷ്ട്രപിതാവ് പറയുകയുണ്ടായി. ആ ആത്മാവിനെ വീണ്ടെടുക്കാനുള്ള ശ്രമങ്ങളാണ് ഗ്രാമപഞ്ചായത്തുകളിലൂടെ നമ്മൾ ശ്രമിച്ചു കൊണ്ടിരിക്കുന്നത്. സുസ്ഥിര വികസനം, പ്രകൃതി സംരക്ഷണം, സാർവത്രിക വിദ്യാഭ്യാസം, തൊഴിൽ, സാമൂഹ്യനീതി, ഉത്പാദന വർധനവ്, വാതിൽപ്പടി സേവനങ്ങൾ, അതിദാരിദ്ര്യ നിർമ്മാർജ്ജനം എന്നിങ്ങനെ ഒരു സമഗ്ര വികസന പരിപാടിയാണ് പഞ്ചായത്തുകളിലൂടെ നടപ്പിലാക്കുവാൻ കേരള സർക്കാർ ആഗ്രഹിക്കുന്നത്. നാടിന്റെ പ്രാദേശിക സവിശേഷതകളെ മനസ്സിലാക്കിക്കൊണ്ട്, അതിന്റെ സാധ്യതകളും പ്രശ്നങ്ങളും പഠിച്ചുകൊണ്ട്, നാടിനിണങ്ങുന്ന രീതിയിൽ, പൊതുജന പങ്കാളിത്തത്തോടുകൂടി വേണം പഞ്ചായത്തുകൾ ഭാവി വികസനത്തെ വിഭാവനം ചെയ്യേണ്ടത്. അത്തരത്തിലൊരു വികസന രേഖ അടാട്ട് പഞ്ചായത്ത് പുറത്തിറക്കുകയാണ്. കൃഷി, ടൂറിസം, കലാ- സാംസ്കാരികം എന്നീ രംഗങ്ങളിൽ ഒട്ടേറെ സവിശേഷതകളുള്ള നാടാണ് അടാട്ട് പഞ്ചായത്ത്. ഇതിനെയെല്ലാം ഉൾക്കൊണ്ടുകൊണ്ട് ഒരു സമഗ്ര വികസനം ലക്ഷ്യം വയ്ക്കാൻ അടാട്ട് പഞ്ചായത്തിന്റെ വികസന രേഖയ്ക്കാവട്ടെ എന്ന് ആശംസിക്കുന്നു.

നവ ഉദാരവത്കരണ നയങ്ങൾ ഏറ്റവുമധികം ബാധിക്കുന്നത് ഗ്രാമീണ ജനതയെയാണ്. അതിനെതിരെയുള്ള ചെറുത്തുനിൽപ്പുകൂടിയാവണം നമ്മുടെ വികസന സങ്കൽപ്പം. വർഗ്ഗ വിഭജനം ഏറ്റവും കുറഞ്ഞ ഒരു സമൂഹത്തിൽ, സമാധാനത്തിന്റെ അന്തരീക്ഷത്തിൽ മാത്രമേ വികസനത്തിന്റെ ഗുണങ്ങൾ എല്ലാ ജനങ്ങളിലേക്കുമെത്തുകയുള്ളൂ. അതിനായി നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം.

സ്നേഹപൂർവ്വം

സേവ്യർ ചിറ്റിലപ്പിള്ളി

എം എൽ എ, വടക്കാഞ്ചേരി നിയോജക മണ്ഡലം



പ്രിയമുള്ളവരെ,

പതിനാലാം പഞ്ചവത്സരപദ്ധതി 2022 ഏപ്രിൽ മാസം മുതൽ ആരംഭിക്കുകയാണ്. കാർഷിക മേഖലയിൽ ഉൽപ്പാദനം മെച്ചപ്പെടുത്തുന്നതിനും, മാലിന്യ സംസ്കരണം ശാസ്ത്രീയമായി നടപ്പിലാക്കുന്നതിനും, കുടിവെള്ളം എല്ലാ വീടുകളിലും എത്തിക്കുന്നതിനും, റോഡുകളും കുന്നിൻ ചെരിവുകളും കോൾ നിലങ്ങളും മറ്റ് പൊതു ഇടങ്ങളും സൗന്ദര്യവൽക്കരിക്കുന്നതിനും അതുവഴി സാധ്യമായ ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നതിനും തൊഴിൽ നൈപുണി മെച്ചപ്പെടുത്തി ചെറുകിട തൊഴിൽ സംരംഭ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും ഭവനം ഇല്ലാത്തവർക്ക് അത് നിർമ്മിച്ച് നൽകുന്നതിനും, ഈ പഞ്ചവത്സര പദ്ധതി ലക്ഷ്യമിടുന്നു. ജനകീയ ഇടപെടൽ കൊണ്ടും സാംസ്കാരിക സ്ഥാപനങ്ങളുടേയും സന്നദ്ധ സംഘടനകളുടേയും റെസിഡൻഷ്യൽ അസോസിയേഷനുകളുടേയും പങ്കാളിത്തത്തോടെയും വികസനലക്ഷ്യങ്ങൾ കൈവരിക്കാൻ ഈ പദ്ധതിക്ക് സാധ്യമാവേണ്ടതുണ്ട്. 2022–2023 വർഷത്തിൽ തുടങ്ങി 2026–2027 വർഷത്തിൽ അവസാനിക്കുന്ന പഞ്ചവത്സരപദ്ധതിയുടെ വികസന കാഴ്ചപ്പാടും പൊതു മാർഗരേഖയും 2022–23 വർഷത്തിൽ നടപ്പിലാക്കേണ്ട പദ്ധതികളും ഈ വികസന രേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിലുള്ള സമ്പ്രദായങ്ങൾ വെച്ച് സമാനതകളില്ലാത്ത മാറ്റമാണ് ഡിജിറ്റൽ സാങ്കേതിക വിദ്യ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. നാടും ഭരണകർത്താക്കളും അതിനനുസരിച്ച് മാറേണ്ടതുണ്ട്. ഓരോ പദ്ധതി നടപ്പിലാക്കുമ്പോഴും ഭാവിയിലേക്ക് അതിന് ഉണ്ടാക്കാൻ കഴിയുന്ന മാറ്റങ്ങൾ കൂടി പരിഗണിക്കേണ്ടതുണ്ട്. അതിനായി മുഴുവൻ ജനങ്ങളുടേയും വിദഗ്ധരുടെയും ജനപ്രതിനിധികളുടെയും പൊതുസ്ഥാപനങ്ങളുടെയും സഹായവും മാർഗനിർദേശവും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

എന്ന്

സിമി അജിത് കുമാർ

അടാട്ട് ഗ്രാമ പഞ്ചായത്ത്

## ഉള്ളടക്കം

അധ്യായം 1 - ആമുഖം

അധ്യായം 2 - പ്രകൃതി ദുരന്തങ്ങളും അതിജീവനവും

അധ്യായം 3 - വികസന നയവും തന്ത്രവും

അധ്യായം 4 - വിഭവ സമാഹരണം

അധ്യായം 5 - വികസന മേഖല

അധ്യായം 6 - പതിനാലാം പഞ്ചവത്സര പദ്ധതി

അധ്യായം 7 - വികസന പരിപ്രേക്ഷ്യം

# അടാട്ട് ഗ്രാമപഞ്ചായത്ത്

## അടിസ്ഥാനവിവരങ്ങൾ

| | | |
|---|---|---|
| ഗ്രാമപഞ്ചായത്തിന്റെ പേര് | : | അടാട്ട് ഗ്രാമപഞ്ചായത്ത് |
| വിസ്തൃതി | : | 23.22 ച.കി.മീ |
| വാർഡുകൾ | : | 18 |
| ജനസംഖ്യ | : | 31973 |
| പുരുഷൻമാർ | : | 15372 |
| സ്ത്രീകൾ | : | 16601 |
| പട്ടികജാതി | : | 3979 |
| പട്ടികവർഗം | : | 77 |
| ബ്ലോക്ക് പഞ്ചായത്ത് | : | പുഴയ്ക്കൽ |
| വില്ലേജുകൾ | : | പുറനാട്ടുകര, ചിറ്റിലപ്പിള്ളി, പുഴയ്ക്കൽ അടാട്ട് |
| താലൂക്ക് | : | തൃശ്ശൂർ |
| നിയമസഭ മണ്ഡലം | : | വടക്കാഞ്ചേരി |
| ലോകസഭ മണ്ഡലം | : | ആലത്തൂർ |
| പഞ്ചായത്ത് അതിർത്തികൾ | | |
| വടക്ക് | : | കൈപറമ്പ് പഞ്ചായത്ത് |
| പടിഞ്ഞാറ് | : | വെങ്കിടങ്ങ്, തോളൂർ പഞ്ചായത്തുകൾ |
| തെക്ക് | : | തൃശ്ശൂർ കോർപ്പറേഷൻ, അരിമ്പൂർ പഞ്ചായത്ത് |
| കിഴക്ക് | : | തൃശ്ശൂർ കോർപ്പറേഷൻ, കോലഴി പഞ്ചായത്ത് |


അടാട്ട് ഗ്രാമപഞ്ചായത്ത് ഭൂപടം

# നിയമസഭാ ലോകസഭാ ജനപ്രതിനിധികൾ



**ശ്രീ. പിണറായി വിജയൻ**
ബഹു. കേരള മുഖ്യമന്ത്രി



**എം. വി. ഗോവിന്ദൻമാഷ്**
ബഹു. തദ്ദേശ സ്വയംഭരണം/എക്സൈസ് വകുപ്പ്, മന്ത്രി



**രമ്യ ഹരിദാസ്**
ബഹു. എം.പി., ആലത്തൂർ



**സേവ്യർ ചിറ്റിലപ്പിള്ളി**
ബഹു. എം.എൽ.എ., വടക്കാഞ്ചേരി



പി കെ ഡേവീസ് മാസ്റ്റർ

പ്രസിഡന്റ് ജില്ലാ പഞ്ചായത്ത്



ലിനി ടീച്ചർ

മെമ്പർ ജില്ലാ പഞ്ചായത്ത്



ജിമ്മി ചൂണ്ടൽ

മെമ്പർ ജില്ലാ പഞ്ചായത്ത്



ആനി ജോസ്

പ്രസിഡന്റ് പുഴക്കൽ ബ്ലോക്ക് പഞ്ചായത്ത്



ജ്യോതി ജോസഫ്

മെമ്പർ

പുഴക്കൽ ബ്ലോക്ക് പഞ്ചായത്ത്



വിൽസൺ ടി ഡി

മെമ്പർ

പുഴക്കൽ ബ്ലോക്ക് പഞ്ചായത്ത്



വി. എസ് ശിവരാമൻ

മെമ്പർ

പുഴക്കൽ ബ്ലോക്ക് പഞ്ചായത്ത്

# അടാട്ട് ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ


പ്രസിഡന്റ്
സിമി അജിത്കുമാർ


വൈസ് പ്രസിഡന്റ്
ഉഷ ശ്രീനിവാസൻ
ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ


സെക്രട്ടറി
ഹരിദാസൻ പി.എസ്.


ശ്രീഷ്മ അഭിലാഷ്
മെമ്പർ
വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി
ചെയർപേഴ്സൺ


കെ.വി. വിപിൻ
മെമ്പർ
ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി
ചെയർമാൻ


അജിത കൃഷ്ണൻ
മെമ്പർ
ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി
ചെയർപേഴ്സൺ


നിഷ പ്രഭാകരൻ
മെമ്പർ 3-ാം വാർഡ്


സോണി തരകൻ
മെമ്പർ 4-ാം വാർഡ്


മോഹിനി വി.എൻ.
മെമ്പർ 5-ാം വാർഡ്


ശ്രീജിത്ത് ഇ.യു.
മെമ്പർ 6-ാം വാർഡ്


ലത എം.ആർ.
മെമ്പർ 7-ാം വാർഡ്


ബിനിത തോമസ്
മെമ്പർ 8-ാം വാർഡ്


സിധീഷ് ടി.എസ്.
മെമ്പർ 10-ാം വാർഡ്


സുനിത കെ.എം.
മെമ്പർ 11-ാം വാർഡ്


ബിജീഷ് എ.ബി.
മെമ്പർ 12-ാം വാർഡ്


ഹരീഷ് വി.ജി.
മെമ്പർ 13-ാം വാർഡ്


കണ്ണൻ പി.എസ്.
മെമ്പർ 14-ാം വാർഡ്


ആനി വർഗ്ഗീസ്
മെമ്പർ 15-ാം വാർഡ്


മിനി കെ.വി.
മെമ്പർ 16-ാം വാർഡ്








REDMI NOTE 8 PRO
AI QUAD CAMERA

## റവന്യൂ വില്ലേജ് അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ വാർഡ് വിന്യാസം

| വാർഡ് | | പരിധിയിൽ വരുന്ന റവന്യൂ വില്ലേജിന്റെ / വില്ലേജുകളുടെ പേര് |
|---|---|---|
| 1 | ചിറ്റിലപ്പിള്ളി പടിഞ്ഞാറ്റുമുറി | ചിറ്റിലപ്പിള്ളി |
| 2 | ചിറ്റിലപ്പിള്ളി കിഴക്കുമുറി | ചിറ്റിലപ്പിള്ളി |
| 3 | ചിറ്റിലപ്പിള്ളി ഗ്രൗണ്ട് | ചിറ്റിലപ്പിള്ളി |
| 4 | കണ്ണികുളം | ചിറ്റിലപ്പിള്ളി |
| 5 | ചൂരക്കാട്ടുകര | പുഴയ്ക്കൽ |
| 6 | രാമഞ്ചിറ | പുഴയ്ക്കൽ |
| 7 | മുതുവറ | പുഴയ്ക്കൽ |
| 8 | ആമ്പക്കാട് | പുഴയ്ക്കൽ |
| 9 | പുത്തിശ്ശേരി | പുറനാട്ടുകര,പുഴയ്ക്കൽ |
| 10 | വിലങ്ങൻ | പുറനാട്ടുകര,പുഴയ്ക്കൽ |
| 11 | പുറനാട്ടുകര | പുറനാട്ടുകര,പുഴയ്ക്കൽ |
| 12 | പാരിക്കാട് | പുറനാട്ടുകര |
| 13 | മുർപ്പാറ | പുറനാട്ടുകര |
| 14 | സംസ്കൃതം കോളേജ് | പുറനാട്ടുകര |
| 15 | മാനിടം | അടാട്ട് , പുറനാട്ടുകര |
| 16 | ഉടലക്കാവ് | അടാട്ട് |
| 17 | ആമ്പലംകാവ് | അടാട്ട് |
| 18 | അടാട്ട് | അടാട്ട് |

31/12/2021 തിയ്യതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച ആസൂത്രണ സമിതി അംഗങ്ങളുടെ ലിസ്റ്റ്

| ക്രമനമ്പർ | പേരും വിലാസവും | വർക്കിംഗ് ഗ്രൂപ്പിലെ സ്ഥാനം |
|---|---|---|
| 1 | സിമി അജിത്കുമാർ | അദ്ധ്യക്ഷ |
| 2 | ഹരിദാസൻ പി എസ് | കൺവീനർ |
| 3 | കെ.എ സുകുമാരൻ | ഉപാദ്ധ്യക്ഷൻ (വിദഗ്ദ്ധ അംഗം) |
| 4 | പി.ഡി പ്രതീഷ് | അംഗം(സന്നദ്ധപ്രവർത്തകൻ) |
| 5 | എം.എം ശശി | അംഗം(സന്നദ്ധപ്രവർത്തകൻ) |
| 6 | രാജേഷ് | അംഗം(സന്നദ്ധപ്രവർത്തകൻ) |
| 7 | സൈമൺ | അംഗം(സന്നദ്ധപ്രവർത്തകൻ) |
| 8 | ശ്രീഷ്മ അഭിലാഷ് | വികസനസ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൻ |
| 9 | ഉഷ ശ്രീനിവാസൻ | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൻ |
| 10 | കെ.വി.വിപിൻ | ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിംഗ് ചെയർമാൻ |
| 11 | അജിത കൃഷ്ണൻ | ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർപേഴ്സൻ |
| 12 | സിന്ധു,ചവറാട്ടിൽ വീട്, പി.ഒ.ചിറ്റിലപ്പിള്ളി | അംഗം (സന്നദ്ധപ്രവർത്തക) |

## 1.ആമുഖം

ആസൂത്രണം ആവശ്യങ്ങളുടെ അടിസ്ഥാനത്തിലും, ആവശ്യങ്ങളുടെ പൂർത്തീകരണത്തിനുള്ള കർമ്മ പദ്ധതികൾ വികേന്ദ്രീകരണ സ്വഭാവത്തിലുള്ളതും ആകുമ്പോൾ അത് ഒരു യഥാർത്ഥ പരിപാടിയായി രൂപം പ്രാപിക്കുന്നു. അമ്പതുകളിൽ തുടങ്ങിയ ഇന്ത്യയുടെ ആസൂത്രണ പ്രക്രിയ, കേന്ദ്രീകൃതമായിരുന്നതിനാൽ ഉദ്ദേശിച്ച ഫലങ്ങൾ പൂർണ്ണമായും നേടിയിട്ടില്ല. നേടിയ ഫലങ്ങൾക്കാകട്ടെ യഥാർത്ഥത്തിൽ മുടക്കേണ്ടിയിരുന്നതിനേക്കാൾ വളരെ കൂടുതൽ റവന്യൂ ചെലവാക്കേണ്ടിയും വന്നു. സ്വന്തം നാടിന്റെ, പ്രദേശത്തിന്റെ, പരിസരത്തിന്റെ വികസനത്തിന് അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ വിലയേറിയ അഭിപ്രായങ്ങൾ പറയാൻ കഴിയുന്നവർക്ക് അതു പറയാനോ മുകളിലുള്ളവർക്ക് അത് കേൾക്കാനോ യാതൊരു സംവിധാനവുണ്ടായിരുന്നില്ല. ഈ സാഹചര്യം കണക്കിലെടുത്താണ് സംസ്ഥാന ഗവൺമെൻറ് ജനങ്ങളുടെ അഭിപ്രായങ്ങൾക്കും, നിർദ്ദേശങ്ങൾക്കും ആവശ്യങ്ങൾക്കും വില കല്പിച്ചുകൊണ്ട് ജനകീയാസൂത്രണ പ്രസ്ഥാനത്തിന് രൂപം കൊടുത്തത്.

കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമായ തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ താലൂക്കിൽ, പുഴയ്ക്കൽ ബ്ലോക്കിൽ ആണ് തൃശ്ശൂർ നഗരത്തിന്റെ പ്രവേശനകവാടം അഥവാ പൂമുഖപ്പടിയാകുന്ന അടാട്ട് ഗ്രാമപഞ്ചായത്ത് സ്ഥിതിചെയ്യുന്നത്. അടാട്ടെന്ന ഭാഗത്തുനിന്ന് കടന്നു വേണം തൃശ്ശൂർ നഗരത്തിൽ പ്രവേശിക്കുവാനും, തൃശ്ശൂരിൽ നിന്നും പുറത്തുകടക്കുവാനും. തൃശ്ശൂർ സ്വരാജ് റൗണ്ടിൽ നിന്നും ഏകദേശം 6 കിലോമീറ്റർ ദൂരം വടക്കു പടിഞ്ഞാറോട്ടു വന്നാൽ പ്രകൃതിരമണീയമായ കായൽപരപ്പുകളാലും, കോൾനിലങ്ങളാലും, പുഞ്ചപ്പാടങ്ങളാലും അതിരിട്ടു കിടക്കുന്ന അടാട്ടെത്തുകയായി. തൃശ്ശൂർ ജില്ലയിൽ ഉത്തര അക്ഷാംശം 10°30'39.66"നും 10°34'20.99"നും പൂർവ്വരേഖാംശം 76°7'46.07"നും 76°11'3.79"നും മദ്ധ്യേയാണ് അടാട്ട് ഗ്രാമപഞ്ചായത്തിന്റെ സ്ഥാനം. 23.02 ചതുരശ്രകിലോമീറ്റർ വിസ്തീർണ്ണമുള്ള അടാട്ട് ഗ്രാമപഞ്ചായത്ത് പുറനാട്ടുകര, ചിറ്റിലപ്പിള്ളി, പുഴയ്ക്കൽ, അടാട്ട് എന്നീ വില്ലേജുകളിലായി വ്യാപിച്ചു കിടക്കുന്നു. പഞ്ചായത്തിന്റെ അതിരുകൾ കിഴക്കുഭാഗത്ത് തൃശ്ശൂർ കോർപ്പറേഷനും കോലഴി ഗ്രാമപഞ്ചായത്തും, പടിഞ്ഞാറുഭാഗത്ത് തൃശ്ശൂർ കോർപ്പറേഷനും അരിമ്പൂർ ഗ്രാമപഞ്ചായത്തും, വടക്കുഭാഗത്ത് കൈപ്പറമ്പ് ഗ്രാമപഞ്ചായത്തും അരിമ്പൂർ ഗ്രാമപഞ്ചായത്തിന്റെ ചെറിയ ഭാഗവുമാണ്.

മുൻപ് 17 വാർഡുകളായി തിരിച്ചിരുന്ന ഈ ഗ്രാമപഞ്ചായത്തിനെ 2010 ലെ വടക്കാഞ്ചേരി പൊതുതിരഞ്ഞെടുപ്പിനോടനുബന്ധിച്ച് 18 വാർഡുകളായി പുനഃക്രമീകരിച്ചു. വടക്കാഞ്ചേരി നിയമസഭാമണ്ഡലത്തിലും ആലത്തൂർ ലോകസഭാമണ്ഡലത്തിലും ഉൾപ്പെടുന്ന അടാട്ട് ഗ്രാമ പഞ്ചായത്തിന്റെ ആസ്ഥാനം പുറനാട്ടുകരയിലാണ് സ്ഥിതിചെയ്യുന്നത്. അമല മെഡിക്കൽ കോളേജ്, IES Engineering college, IES ആർക്കിടെക്ചറൽ കോളേജ്, കേന്ദ്രീയ വിദ്യാലയം, രാഷ്ട്രീയ സംസ്കൃത സംസ്ഥാൻ എന്നീ സ്ഥാപനങ്ങളുടെ സാന്നിധ്യമാണ് അടാട്ടിനെ ഈ മേഖലയിൽ മുൻപന്തിയിൽ നിർത്തുന്നത്.




അടാട്ട് ഗ്രാമപഞ്ചായത്തിന്റെ ഗൂഗിൾ ചിത്രം

<u>ചരിത്രം</u>

തലപ്പിള്ളി, ചിറ്റിലപ്പിള്ളി, വന്നിലശ്ശേരി എന്നീ നാട്ടുരാജ്യങ്ങളുടെ ചരിത്രം ആദ്യകാല ഭരണാധികാരികളായിരുന്ന ചേര ചക്രവർത്തിമാരുടെ (പെരുമാക്കൻമാർ) കാലത്തോളം പഴക്കമുള്ളതാണ്. ഇതിൽ തലപ്പിള്ളി രാജാക്കൻമാർ പെരുമാക്കൻമാരോട് നിരന്തരം പോരാടിക്കൊണ്ടിരിക്കുന്നവരായിരുന്നു. 12 വർഷങ്ങൾ കൂടുമ്പോൾ നാട്ടുക്കൂട്ടങ്ങളുടെ അംഗീകാരത്തോടുകൂടി അധികാരത്തിൽ വന്നിരുന്നവരാണ് ഈ പെരുമാക്കന്മാർ. പെരുമാക്കന്മാമാരിലെ അവസാനത്തെ രാജാവിന്റേത് നല്ല ഭരണം അല്ലാതിരുന്നതിനാൽ,

അദ്ദേഹത്തെ വധിച്ച് കേരളത്തിൽ പെരുമാക്കൻമാരുടെ ഭരണം അവസാനിപ്പിച്ചത് തലപ്പിള്ളിയിലെ ഒരു രാജാവായിരുന്നു എന്ന ഒരു ചരിത്രമുണ്ട്.

ഇപ്പോഴത്തെ തലപ്പിള്ളി താലൂക്കിലെ പ്രധാന പ്രദേശങ്ങളും, തൃശ്ശൂർ താലൂക്കിലെ ചിറ്റിലപ്പിള്ളി ഫർക്കയും, ചാവക്കാട് താലൂക്കിലെ ചാവക്കാട് ഫർക്കയും ഉൾപ്പെട്ടതായിരുന്നു പഴയ തലപ്പിള്ളി രാജ്യം. പ്രാചീനകാലത്ത് ചിറ്റിലപ്പിള്ളിയായിരുന്നു തലപ്പിള്ളി രാജ്യത്തിന്റെ ആസ്ഥാനം. തലപ്പിള്ളി രാജകുടുംബത്തിലെ ഇളയരാജാവിനാൽ ഭരിക്കപ്പെട്ടിരുന്നതു കൊണ്ട് ചെറിയ തലപ്പിള്ളി (ചിറ്റ് തലപ്പിള്ളി) എന്നർത്ഥം വരുന്ന ചിറ്റിലപ്പിള്ളി എന്ന പേര് ഉദ്ഭവിച്ചു എന്ന് പറയപ്പെടുന്നു. 26 ദേശങ്ങൾ (മുറികൾ) ആണ് ചിറ്റിലപ്പിള്ളി നാട്ടിൽ ഉൾപ്പെട്ടിരുന്നത്. ഇതിലെ 5 ദേശങ്ങളായിരുന്ന പുറനാട്ടുകര, അടാട്ട്, ചിറ്റിലപ്പിള്ളി, ചൂരക്കാട്ടുകര, പുഴയ്ക്കൽ ചേർന്നാണ് ഇപ്പോഴത്തെ അടാട്ട് ഗ്രാമപഞ്ചായത്ത് പ്രദേശം രൂപം കൊണ്ടിരിക്കുന്നത്. പത്തൊൻപതാം നൂറ്റാണ്ടിന്റെ അന്ത്യത്തോടെ നാട്ടുപഞ്ചായത്തിന്റെ രൂപത്തിലാണ് ഈ പഞ്ചായത്ത് സ്ഥാപിതമായത്. ആലപ്പാട് ജോസഫ് മാസ്റ്ററായിരുന്നു പഞ്ചായത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ആദ്യ പ്രസിഡണ്ട്.

ഐതിഹ്യങ്ങൾ

"അടാട്ട്" എന്ന പേര് ഉദ്ഭവിച്ചതിന് ഒരു ഐതിഹ്യമുള്ളത് കറൂർ മനയുമായി ബന്ധപ്പെട്ടതാണ്. ഗുരുവായൂരപ്പന്റെ പൂജയ്ക്കായി നൈവേദ്യം ഒരുക്കിയിരുന്നത് മനയിലെ കറൂരമ്മയായിരുന്നു. എന്നാൽ ശാരീരിക ക്ലേശം മൂലം നിവേദ്യം ഒരുക്കാൻ കറൂരമ്മയ്ക്ക് പ്രയാസമുണ്ടാകുന്നു എന്ന് മനസ്സിലാക്കിയ ഭഗവാൻ കൃഷ്ണൻ ഒരു ബാലനായി പ്രത്യക്ഷപ്പെട്ട് അമ്മയെ സഹായിക്കാൻ തുടങ്ങി എന്നാണ് പറയപ്പെടുന്നത്. തന്നെ സഹായിക്കാൻ നിൽക്കുന്ന കുസൃതി ചെറുക്കൻ കണ്ണനുള്ള നിവേദ്യം കട്ടു തിന്നുന്നത് അമ്മ ഒരു ദിവസം കണ്ടുപിടിക്കുകയും, ആ കുസൃതി ചെറുക്കനെ കയ്യോടെ പിടികൂടി ഒരു കലത്തിലടക്കുകയുണ്ടായി എന്നും പറയപ്പെടുന്നു. ഭഗവാൻ കൃഷ്ണനെ അടച്ചിട്ട സ്ഥലം അങ്ങിനെ "അടാട്ട് എന്ന് അറിയപ്പെട്ടു എന്നാണ് ഐതിഹ്യം.

അടാട്ടിലെ പല സ്ഥലങ്ങളുടെ പേരിന്റെ ഉത്പത്തിയിലും ഐതിഹ്യം ഉള്ളതായി പറയുന്നു. ശാസ്താവിനെ പ്രതിഷ്ഠിച്ച പുഴയുടെ കരയായ പുഴക്കര പിൽക്കാലത്ത് " പുഴയ്ക്കൽ " എന്ന പേര് വിളിച്ചു എന്നും, ആമ്പൽക്കാടുള്ള പ്രദേശം " ആമ്പക്കാട് ", ആയി എന്നും ചൂരൽക്കാട് നിറഞ്ഞ കരഭാഗം "ചൂരക്കാട്ടുകര", മഹാദേവൻ വസിച്ച പാറ, ആദ്യം 'മഹാപാറ' – യും, പിൽക്കാലത്ത്

മുതുപാറയും, ഒടുവിൽ " മുതുവറ " അറിയപ്പെടുന്നു. മഹാബലി ചുറ്റി നടന്ന സ്ഥലം " ചിറ്റിലപ്പിള്ളി" ആയി എന്ന ഒരു ഐതിഹ്യവും നിലവിലുണ്ട്.

സാമൂഹിക ചരിത്രം

ഈ പ്രദേശത്ത് സ്വാതന്ത്ര്യ സമരത്തോടൊപ്പം അയിത്തോച്ചാടനം, സഞ്ചാര സ്വാതന്ത്ര്യം, ഹരിജനോദ്ധാരണം എന്നീ മേഖലകളിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടക്കുകയും, നിരവധി വ്യക്തികളുടെയും, ശ്രീരാമകൃഷ്ണാശ്രമം തുടങ്ങിയ സ്ഥാപനങ്ങളുടെ സേവനങ്ങളും ഈ രംഗത്തുണ്ടായിട്ടുണ്ട് എന്നും അറിയപ്പെടുന്നു.

1934 ജനുവരി 16 – ന് മഹാത്മാഗാന്ധി ഹരിജനോദ്ധാരണ പ്രവർത്തനത്തിന്റെ ഭാഗമായി അടാട്ടിലുള്ള ആശ്രമം സന്ദർശിച്ചിരുന്നു. അന്ന് ഗാന്ധിജി താമസിച്ച സ്കൂൾ കെട്ടിടമായ " ആനന്ദകുടീരം " 2002 – ലെ സ്കൂളിന്റെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് പൂർവ്വവിദ്യാർത്ഥി സംഘത്തിന്റെ സഹായത്തോടെ നവീകരിച്ച് ഗാന്ധി സ്മൃതി - യാക്കി മാറ്റി.

ഭൂപ്രകൃതി

തൃശ്ശൂർ നഗരത്തിൽ നിന്നും ഏകദേശം 6 കിലോമീറ്റർ അകലെ വടക്കുപടിഞ്ഞാറ് ഭാഗത്തായി സമുദ്രനിരപ്പിൽ നിന്നും താഴ്ന്ന് സ്ഥിതിചെയ്യുന്ന കോൾ നിലങ്ങളാൽ ചുറ്റപ്പെട്ട ഈ ഗ്രാമപഞ്ചായത്ത് വിനോദസഞ്ചാര കേന്ദ്രങ്ങളായ വിലങ്ങൻകുന്ന്, അടാട്ട് , ചെട്ടി എന്നീ കുന്നുകൾ എല്ലാം ഉൾപ്പെടുന്ന പ്രകൃതിരമണീയമായ പ്രദേശമാണ്. ശരാശരി സമുദ്ര നിരപ്പിൽ നിന്ന് 10 മീറ്ററിനും താഴെ ഉയരമുള്ള പ്രദേശങ്ങളാണ് അടാട്ട് ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളും, അടാട്ട് ഗ്രാമപഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശങ്ങളായ മേൽപ്പ റഞ്ഞിട്ടുള്ള മൂന്ന് കുന്നിൻ പ്രദേശങ്ങളുടെയും ശരാശരി ഉയരം സമുദ്രനിരപ്പിൽ നിന്നും 90 മീറ്ററിനും ഭൂപ്രകൃതിയനുസരിച്ച് ഉയർന്ന പ്രദേശങ്ങളിൽ ചില ഭാഗത്ത് ബലമുള്ള വെട്ടുകല്ലും, ചെമ്മണ്ണും, ചരൽമണ്ണും ഇടകലർന്നു കാണുന്നു. ബാക്കി പ്രദേശങ്ങളിൽ കൂടുതലും ചെമ്മണ്ണാണ്. സമതലങ്ങളിലും, താഴ്വരകളിലും ഫലഭൂയിഷ്ഠമായ എക്കൽ മണ്ണും, കോൾ നിലങ്ങളിൽ മണൽ കലർന്ന കളിമണ്ണും നിറഞ്ഞിരിക്കുന്നു.

കാലാവസ്ഥ, ജൈവസമ്പത്ത്

1971 – ൽ ഇറാനിലെ റാംസാർ എന്ന സ്ഥലത്ത് വച്ച് നടന്ന അന്തർദേശീയ വെറ്റ്ലാൻറ് കൺവെൻഷൻ പ്രകാരം ജൈവ വൈവിധ്യ മേഖലകളുടെ സംരക്ഷണത്തിനായി റാംസാർ സൈറ്റുകളായി പ്രഖ്യാപിക്കപ്പെട്ടവയിൽ അടാട്ട് പഞ്ചായത്തിലെ ജൈവ വൈവിധ്യ പ്രധാനമായ കോൾ നിലങ്ങൾ ഉൾപ്പെടുന്നു . ഇത്തരത്തിൽ സമ്പന്നമായ തണ്ണീർത്തട ജൈവവ്യവസ്ഥയുടെ ഭാഗമായ ഈ കോൾ നിലങ്ങൾ തൃശ്ശൂർ നഗരപ്രദേശങ്ങളുടെയും, തൃശ്ശൂർ ജില്ലയുടെയും പ്രകൃത്യായുള്ള ജലനിർഗ്ഗമന മാർഗ്ഗമായി വർത്തിക്കുകയും മഴയിലൂടെ ലഭിക്കുന്ന വെള്ളം സംഭരിച്ച് നിർത്തുന്നതിന് പ്രകൃതി തന്നെ ഒരുക്കിയിട്ടുള്ള വലിയ ജലസംഭരണികളായി പ്രവർത്തിക്കുക വഴി പ്രദേശവാസികളുടെ കിണറുകളടക്കമുള്ള ജലസ്രോതസ്സുകളിലെ ജലത്തിന്റെ ഉറവ് നഷ്ടപ്പെടാതിരിക്കാൻ സഹായിക്കുകയും ചെയ്യുന്നു. വരൾച്ചയിൽ നിന്ന് ഈ പ്രദേശത്തെ ഒരു പരിധിവരെ കരകയറ്റുന്നത് ഈ കോൾപ്പാടങ്ങളാണ്. പ്രകൃതിയുടെ ആവാസവ്യവസ്ഥയെ പരിപാലിക്കുന്നതിന് ഈ കോൾപ്പാടങ്ങൾ വലിയ പങ്ക് വഹിക്കുന്നുണ്ട്. അളവറ്റ പാരമ്പര്യ ശുദ്ധജല മത്സ്യങ്ങൾ, സസ്തനികൾ, ജലസസ്യങ്ങൾ , സൂക്ഷ്മ-ചെറു ജീവികൾ , ഷഡ്പദങ്ങൾ , പാമ്പുകൾ എന്നിവ ഉൾപ്പെടെ തണ്ണീർത്തട പ്രദേശങ്ങളിൽ കണ്ടുവരുന്ന വൈവിദ്ധ്യമാർന്ന ജൈവസമ്പത്തിന്റെയും പ്രദേശത്ത് സ്ഥിരമായി കാണപ്പെടുന്നതോ ദേശാടന വിഭാഗത്തിൽപ്പെടുന്നതോ ആയ വൈവിദ്ധ്യമാർന്ന പക്ഷി സമ്പത്തിന്റെയും ആവാസകേന്ദ്രമാണ് പഞ്ചായത്തിലെ കോൾ നിലങ്ങൾ. പൊതുവെ സമ്മിശ്ര കാലാവസ്ഥയാണ് ഇവിടെ അനുഭവപ്പെടുന്നത്. ഏപ്രിൽ – മെയ് മാസങ്ങളിൽ പൊതുവെ ചൂട് കൂടുതൽ അനുഭവപ്പെടുകയും ചെയ്യുന്നു.

പൈതൃക കേന്ദ്രങ്ങൾ

പൈതൃകമൂല്യം കൊണ്ടും ചരിത്രപരമായ സ്മാരകങ്ങൾ എന്ന നിലയിലും സവിശേഷ പ്രാധാന്യമർഹിക്കുന്ന നിരവധി ആരാധനാലയങ്ങൾ അടാട്ട് ഗ്രാമപഞ്ചായത്ത് പ്രദേശത്തുണ്ട്. ചെറുതും വലുതുമായ ക്ഷേത്രങ്ങളും ക്രിസ്ത്യൻ ആരാധനാലയങ്ങളും മുസ്ലിം പള്ളിയും ഇതിൽ ഉൾപ്പെടുന്നു . പുരാതന ക്ഷേത്രങ്ങളായ മുതുവറ മഹാദേവ ക്ഷേത്രം , ശ്രീ രാമഞ്ചിറ ക്ഷേത്രം ചൂരക്കോട്ടുകാവ് ശ്രീ ദുർഗ്ഗ ക്ഷേത്രം, പുറനാട്ടുകര മഹാവിഷ്ണു ക്ഷേത്രം ,പുഴയ്ക്കൽ ധർമ്മശാസ്താ ക്ഷേത്രം, പഴമ്പുഴ വിഷ്ണു ക്ഷേത്രം ,ചിറ്റിലപ്പിള്ളി വേദവ്യാസ പീഠം ക്ഷേത്രം , അടാട്ട് – ശിവ വിഷ്ണു ക്ഷേത്രം, ഉടലക്കാവ് ശ്രീ ധർമ്മശാസ്താ ക്ഷേത്രം എന്നിവയും ഉടലക്കാവ് തത്തമ്പിള്ളി ക്ഷേത്രം, അമ്പലംകാവ് ദുർഗ്ഗാദേവി ക്ഷേത്രം എന്നീ ക്ഷേത്രങ്ങളും പഞ്ചായത്തിൽ സ്ഥിതി







ചെയ്യുന്നു . പുരാതന ക്രിസ്ത്യൻ ആരാധനാലയമായ ആമ്പക്കാട് സെന്റ് മേരീസ് പള്ളി ,പുറനാട്ടുകര സെന്റ് സെബാസ്റ്റ്യൻ പള്ളി, ചിറ്റിലപ്പിള്ളി സെന്റ്. റീത്താസ് പള്ളി എന്നിവയും അമല മുസ്ലീം പള്ളിയും അടാട്ടെ മതസാഹോദര്യത്തിന്റെ പ്രതീകങ്ങളാണ് . പണ്ട് കാലത്ത് ബ്രിട്ടീഷ് പട്ടാളത്തിലേക്കുള്ള തിരഞ്ഞെടുപ്പുകേന്ദ്രവും നിരീക്ഷണകേന്ദ്രവുമായിരുന്ന വിലങ്ങൻകുന്ന് പഞ്ചായത്തിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഒന്നുകൂടിയാണ്.

അടാട്ട് ഉടലക്കാവ് ക്ഷേത്രത്തിനോട് ചേർന്ന് സ്ഥിതിചെയ്യുന്ന പോത്തോട്ടപറമ്പിൽ കന്നിമാസത്തിലെ മകം നാളിൽ പോത്തോട്ടം ഒരു അനുഷ്ഠാന ഉത്സവമായി കൊണ്ടാടുന്നു. അടാട്ട് കുറ്റൂർപ്പാറയ്ക്ക് സമീപത്തുള്ള തൊട്ടപ്പള്ളി കാളിക്ഷേത്രത്തിൽ നിന്നും പോത്തിനെ എഴുന്നള്ളിച്ചു കൊണ്ടുവന്ന് ഗണപതികല്ലിൽ തേങ്ങ ഉടച്ച് ശിവത്തറയ്ക്ക് ചുറ്റും മൂന്നുപ്രാവശ്യം ഓടിയ്ക്കുന്നു. അതോടൊപ്പം ദേശക്കാരുടെ പോത്തുകളായ കുന്നത്തുള്ളി പോത്ത്, പുളിഞ്ചേരി പോത്ത് എന്നീ വിഭാഗങ്ങളിൽ നിന്നുള്ള പോത്തുകളും പോത്തോട്ടത്തിൽ അണിചേരുന്നു. കർഷകരുടെ വിളകൾക്ക് നാശം സംഭവിക്കാതിരിക്കാൻ പ്രകൃതിക്ഷോഭങ്ങൾ ഇല്ലാതി രിക്കാൻ, കാർഷിക കുടുംബങ്ങളിൽ ഐശ്വര്യം ഉണ്ടാകാൻ എന്നിവയ്ക്ക് വേണ്ടി നടത്തപ്പെടുന്ന ഒരുത്സവമാണിത് എന്നാണ് ഒരു ഐതിഹ്യം. കർഷക ജനതയുടെ പ്രതീക്ഷയുടെ പ്രതീകമാണ് പോത്തോട്ടം എന്ന അനുഷ്ഠാനകല ഉടലക്കാവ് ക്ഷേത്ര മൈതാനിയിൽ അരങ്ങേറുന്നത്. പോത്തോട്ട ഉത്സവം ഒരു വിളവെടുപ്പുത്സവം കൂടിയായാണ് അറിയപ്പെടുന്നത്. ആയില്യം, മകം പോത്തോട്ട മഹോത്സവം എന്നറിയപ്പെടുന്ന ഈ കാർഷികാ ചാരത്തിന് പട്ടികജാതി സാംസ്കാരികോത്സവത്തിന്റെ ഭാഗമായി ഇപ്പോൾ അടാട്ട് പഞ്ചായത്ത് സഹായം നൽകുന്നുണ്ട്. ജനങ്ങൾ ജാതിമത ഭേദമന്യേ വളരെ സന്തോഷത്തോടു കൂടി ആഘോഷിക്കുന്ന ഒരു ഉത്സവമാണ് പോത്തോട്ടം. ഇതു മൂലം നാടിന് ക്ഷേമവും ഐശ്വര്യവും ഉണ്ടാവുമെന്ന് വിശ്വസിക്കപ്പെടുന്നു. പോത്തോട്ട ഉത്സവത്തിന്റെ ദിവസം നാടൻ കലാരൂപങ്ങളായ മുടിയാട്ടം, നാടൻപാട്ട് എന്നിവ നടക്കാറുണ്ട്. ഉടലക്കാവ് ക്ഷേത്രത്തിൽ സ്ഥിതിചെയ്യുന്ന പാലമരത്തിന് 1000 വർഷത്തോളം പഴക്കമുണ്ടെന്നാണ് പഴമക്കാർ പറയുന്നത്.

തൃശ്ശൂർ ജില്ലയിലെ അടാട്ട് ഗ്രാമപഞ്ചായത്ത് പുറനാട്ടുകര വില്ലേജിൽ സർവ്വെ നമ്പർ 388 ൽ മുതുവറ – അടാട്ട് റോഡിൽ ശ്രീരാമകൃഷ്ണ സ്കൂളിനോട് ചേർന്നാണ് പ്രസ്തുത ആരാധനാലയം സ്ഥിതി ചെയ്യുന്നത്. ഈ ആരാധനാലയത്തിന്റെ ചരിത്രപരമായ പ്രത്യേകത സ്വാതന്ത്ര്യ സമരകാലത്ത് ഗാന്ധിജി ഇവിടം സന്ദർശിച്ചിട്ടുണ്ട് എന്നതാണ്.

ജലാശയങ്ങൾ

അടാട്ട് ഗ്രാമപഞ്ചായത്തിൽ ഏകദേശം നാൽപ്പതോളം കുളങ്ങളും ഒരു കായലും പതിനൊന്നോളം തോടുകളുമുണ്ട്. അടാട്ടിലെ ജനങ്ങൾ കാർഷികവൃത്തിക്കും മത്സ്യ ബന്ധനത്തിനുമായി ആശ്രയിക്കുന്ന പ്രധാന കായലാണ് മുള്ളൂർ കായൽ. പഞ്ചായത്തിലെ തോടുകൾ എല്ലാം തന്നെ ശുദ്ധ ജലമുള്ളവയും എന്നാൽ എട്ടോളം വരുന്ന കുളങ്ങൾ മലിനജലമുള്ളവയുമാണ്. കായൽ കൂടാതെ മൂന്ന് കുളങ്ങളും മത്സ്യ ബന്ധനത്തിന് നിലവിൽ ഉപയോഗിച്ച് വരുന്നു. നെൽപ്പാടങ്ങളുമായി ബന്ധപ്പെട്ട ഈ തോടുകളും കുളങ്ങളും പരിസ്ഥിതി പ്രാധാന്യമർഹിക്കുന്നു. അടാട്ടിലെ പാടശേഖരങ്ങളും കുളങ്ങളും മറ്റും ഭൂഗർഭ ജലത്തിനുള്ള റീച്ചാർജിംഗ് പ്രദേശങ്ങളായി വർത്തിക്കുന്നു. എന്നാൽ എല്ലാ ജലാശയങ്ങളുടേയും വിസ്തൃതി മുൻപുള്ളതിനേക്കാൾ ചുരുങ്ങിയിട്ടുണ്ടെന്ന് വ്യക്തമാകുന്നു. ഗ്രാമപഞ്ചായ ത്തിലെ പ്രധാന ജലാശയങ്ങൾ മുള്ളൂർ കായൽ, പുഴയ്ക്കൽ തോട്, ആമ്പക്കാട് തോട്, വില്ലുപാറ തോട്, പൂഴി തോട് എന്നിവയാണ്.

| ഗ്രാമപഞ്ചായത്ത് പ്രദേശത്തെ കുളങ്ങളുടെ പട്ടിക | |
|---|---|
| 1 | ചൂരക്കോട്ടുക്കാവ് ക്ഷേത്രക്കുളം |
| 2 | കറ്റോടിക്കുളം |
| 3 | ചീരംകുളം |
| 4 | മുതുവറ ക്ഷേത്രക്കുളം |
| 5 | പാറക്കുളം |
| 6 | രാമൻചിറ കുളം |
| 7 | നടുവത്തുപാറ പാറക്കുളം |
| 8 | തത്തക്കുളം |
| 9 | പാരിക്കാട് കുളം |
| 10 | കോട്ടുകുളം |
| 11 | പുറനാട്ടുകര വിഷ്ണു ക്ഷേത്രംക്കുളം |
| 12 | കണ്ടുകുളം |
| 13 | രാമകൃഷ്ണ മഠം വക കുളം |
| 14 | നാട്ടുമുറിക്കോൾ പടവ് കുളം |

| | |
|---|---|
| 15 | കനിത കളം |
| 16 | കറ്റൂർമന കളം |
| 17 | വലിയ കളം |
| 18 | കക്കിട്ടപാറ കളം |
| 19 | വില്ലുപാറക്കളം |
| 20 | ഭൈരവൻ കളം |
| 21 | മൂർപ്പാറ കളം |
| 22 | ചാലിക്കൽ കളം |
| 23 | തുറക്കളം |
| 24 | ഉടലക്കാവ് ക്ഷേത്രക്കളം |
| 25 | പഴമ്പുഴ വക കളം |
| 26 | കുറ്റൂർമന കളം 2 |
| 27 | ചെമ്മങ്ങാട്ടമന കളം 1 |
| 28 | ചെമ്മങ്ങാട്ടമന കളം 2 |
| 29 | കുറ്റൂർമന കളം 3 |
| 30 | കുറ്റൂർമന കളം 4 |
| 31 | കുറ്റൂർമന കളം 5 |
| 32 | അടാട്ട് ശിവ വിഷ്ണു ക്ഷേത്രക്കളം |
| 33 | കനാട്ട കളം |
| 34 | പാറക്കളം |

**ജനസംഖ്യ**

1971 മുതൽ 2011 വരെയുള്ള കാലയളവിലെ അടാട്ട് ഗ്രാമപഞ്ചായത്തിലെ ജനസംഖ്യാ കണക്ക് പരിശോധിച്ചാൽ കാലാകാലങ്ങളിൽ പഞ്ചായത്തിലെ മൊത്തം ജനസംഖ്യ ക്രമേണ കൂടിവരുന്നത് മനസ്സിലാക്കാം. 2011 ലെ – സെൻസസ് പ്രകാരം അടാട്ട് ഗ്രാമപഞ്ചായത്തിന്റെ ജനസംഖ്യ 31973 ആണ്. ഇതിൽ 15372 പുരുഷൻമാരും 16601 സ്ത്രീകളുമാണുള്ളത്. അടാട്ട് ഗ്രാമപഞ്ചായത്ത് ജനസംഖ്യയിൽ പുഴയ്ക്കൽ ബ്ലോക്കിലെ മറ്റുള്ള പഞ്ചായത്തിനേക്കാൾ മുന്നിലാണ്. തൃശ്ശൂർ നഗരത്തിന്റെ സാമീപ്യം , SH 69 എന്നിവയുടെ സ്വാധീനം ജനസംഖ്യ

വളർച്ചാനിരക്കിൽ അടാട്ട് ഗ്രാമപഞ്ചായത്തിനെ സ്വാധീനിക്കുന്ന കാരണങ്ങളാണ്. 2011ലെ സെൻസസ് പ്രകാരം അടാട്ട് ഗ്രാമപഞ്ചായത്തിന്റെ സ്ത്രീ -പുരുഷാനുപാതം 1080 ആണ്.

**കലാ – സാംസ്കാരിക മേഖല**

പുറനാട്ടുകര, അടാട്ട്, അമ്പലംകാവ്, ചിറ്റിലപ്പിള്ളി, മുതുവറ എന്നിവിടങ്ങളിൽ പൊതു വായനശാലാ സൗകര്യം ലഭ്യമാണ്. ഒട്ടേറെ സാംസ്കാരിക സംഘടനകളും, കലാസമിതികളും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിച്ചുവരുന്നു. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ചിറ്റിലപ്പിള്ളി മൈതാനം ,പഞ്ചായത്ത് മിനി ഗ്രൗണ്ട് എന്നിവയും വിവിധതരം കലാ-കായിക മത്സരങ്ങൾക്കായി ഉപയോഗപ്പെടുത്തി വരുന്നു .

കലാ-കായിക-സാംസ്കാരികരംഗങ്ങളിൽ അതിമഹത്തായൊരു പാരമ്പര്യം അടാട്ട് ഗ്രാമപഞ്ചായത്തിനുണ്ട്. വായനശാലകൾ, ക്ലബ്ബുകൾ കേന്ദ്രീകരിച്ച് നടന്നിരുന്ന കലാ-കായിക-സാംസ്കാരിക പ്രവർത്തനങ്ങൾ വഴി ധാരാളം പ്രതിഭകളും അടാട്ട് ഗ്രാമപഞ്ചായത്തിൽ ഉണ്ടായിട്ടുണ്ട്. വളരെ ഭംഗിയായും ചിട്ടയോടെയും നടന്നിരുന്ന പഞ്ചായത്ത് കലോത്സവത്തിന്റെ ഖ്യാതി ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ഒരുപക്ഷേ, കേരളസർക്കാരിന് കേരളോത്സവം എന്ന ആശയത്തിലേക്ക് വഴിതെളിയിക്കാനും അടാട്ട് ഗ്രാമപഞ്ചായത്തിൽ നടന്നിരുന്ന പഞ്ചായത്ത് കലോത്സവം കാരണമായി എന്നു പറഞ്ഞാൽ ഒട്ടും അതിശയോക്തിയാവില്ല. മഹത്തായ ആ പാരമ്പര്യത്തിന്റെ ഊർജ്ജം ഉൾക്കൊണ്ടുകൊണ്ട് കേരളത്തിലെ കലാ സാംസ്കാരിക മേഖലകളിൽ സജീവ സാന്നിദ്ധ്യമായിട്ടുള്ള പല കലാകാരന്മാരും അടാട്ട് ഗ്രാമപഞ്ചായത്തിൽ ഇന്നും ഉണ്ട്. കഴിഞ്ഞ കാലങ്ങളിൽ കലാ-കായിക-സാംസ്കാരിക പ്രവർത്തനങ്ങളിൽ കലാസമിതികളുടെയും കലാകാരന്മാരുടെയും പ്രതിഭ തെളിയിക്കാനാവശ്യമായ വേദികളും അടാട്ട് ഗ്രാമപഞ്ചായത്ത് ആവിഷ്കരിക്കാറുണ്ടായിരുന്നു. പിന്നീട് പലകാരണങ്ങളാൽ അത്തരം വേദികൾ നഷ്ടമാവുകയോ അല്ലെങ്കിൽ വേണ്ടത്ര രീതിയിൽ സംഘടിപ്പിക്കപ്പെടുകയോ ഉണ്ടായിട്ടില്ല എന്നത് വേദനാജനകമായ ഒരു കാര്യമാണ്.

ഒരു പ്രദേശത്തിന്റെ ഉന്നമനമെന്നത് സാമ്പത്തികം, അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത തുടങ്ങിയ ഭൗതികകാര്യങ്ങളിൽ മാത്രമല്ല വ്യക്തികളുടെ മാനസിക വികാസത്തിന്റെ കാര്യത്തിലും പ്രസക്തമാണ്. അതിനു അവരെ പ്രാപ്തരാക്കുന്നത് കലാ-കായിക-സാംസ്കാരിക പ്രവർത്തനങ്ങളിലൂടെയാണ് കടുത്ത സംഘർഷങ്ങളിൽക്കൂടിയും മത്സരങ്ങളിൽക്കൂടിയും ജീവിതം മുന്നോട്ടു കൊണ്ടുപോകേണ്ട വർത്തമാന കാലഘട്ടത്തിൽ വ്യക്തിയുടെ മാനസിക